# ബാൽഫർ പ്രഖ്യാപനത്തിന് 90 വയസ്സ്

**കുപ്രസിദ്ധ** ബാൽഫർ പ്രഖ്യാപനത്തിന്റെ എഴുപതാം വാർഷികം ഇക്കഴിഞ്ഞ 2-11.2007-ന് അധികമാരും ഓർക്കാതെ കടന്നുപോയി. ബ്രിട്ടീഷ് വിദേശകാര്യമന്ത്രിയായിരുന്ന ആർതർ ജെയിംസ് ബാൽഫർ, അന്ന് ബ്രിട്ടന്റെ അധീനത്തിലായിരുന്ന ഫലസ്ത്വീനിൽ യഹൂദർക്ക് ദേശീയ രാഷ്ട്രം സ്ഥാപിക്കാൻ സൗകര്യം നൽകുമെന്ന് പ്രഖ്യാപിച്ചത് 1917 നവംബർ 2-നായിരുന്നു. ഈ പ്രഖ്യാപനത്തോടെയാണ്, ലോകത്തിന്റെ ഇതര ഭാഗങ്ങളിൽ അധിവസിച്ചിരുന്ന ജൂതന്മാർ ഫലസ്ത്വീൻ മണ്ണിലേക്ക് കടന്നുകയറാൻ തുടങ്ങിയത്. ഇന്ന് പശ്ചിമേഷ്യയുടെ മാറിടത്തിൽ അതിഗുരുതരമായി വളർന്നുകഴിഞ്ഞ ഇസ്രയേൽ എന്ന കാൻസറിന്റെ ആദിബീജമായിരുന്നു ബാൽഫർ പ്രഖ്യാപനം. ബ്രിട്ടന്റെ വാഗ്ദാനം ആദ്യം സ്വാഗതം ചെയ്തത് ഫ്രാൻസായിരുന്നു. പിന്നീട് ഇറ്റലിയും ജർമനിയും അതിനോടു യോജിച്ചു. തുടർന്ന് മറ്റു യൂറോപ്യൻ രാജ്യങ്ങളും, അധാർമികവും വഞ്ചനാത്മകവുമായ ബ്രിട്ടീഷ് നടപടിയെ പിന്തുണച്ചു. പാശ്ചാത്യ ലോകം കൊട്ടിഘോഷിക്കുന്ന മനുഷ്യാവകാശ പ്രതിബദ്ധതയുടെയും ഫാഷിസവിരോധത്തിന്റെയും കാപട്യം തുറന്നുകാണിക്കുന്ന ദൃഷ്ടാന്തമാണ് ഇസ്രയേൽ.

കൂട്ടം കൂട്ടമായി ഫലസ്ത്വീനിലേക്കൊഴുകിയ സയണിസ്റ്റുകൾ തദ്ദേശീയരായ അറബികളെ കൂട്ടക്കൊല ചെയ്തും ആട്ടിയോടിച്ചും അവരുടെ കൃഷിയിടങ്ങളും പാർപ്പിടങ്ങളും കൈയടക്കിക്കൊണ്ടിരുന്നത് പാശ്ചാത്യ രാജ്യങ്ങളുടെ സൈനികവും സാമ്പത്തികവും രാഷ്ട്രീയവുമായ സഹായത്തോടെയാണ്. വാസ്തവത്തിൽ ഫാഷിസവും നാസിസവും പോലെയോ അതിലേറെയോ നികൃഷ്ടവും മനുഷ്യവിരുദ്ധവുമാണ് സയണിസം. ഫാഷിസത്തെയും നാസിസത്തെയും എതിർത്ത പാശ്ചാത്യർ പക്ഷേ സയണിസത്തെ പാലൂട്ടി വളർത്തിക്കൊണ്ടിരിക്കുകയാണ്. നാടും വീടും നഷ്ടപ്പെട്ട്, ഒരു രാജ്യത്തും പൗരത്വമില്ലാതെ പരദേശങ്ങളിൽ അഭയാർഥികളായി അലയുന്ന ലക്ഷക്കണക്കിൽ ഫലസ്ത്വീനികളുടെ ശോചനീയാവസ്ഥ പാശ്ചാത്യ മനസ്സാക്ഷിയെ തെല്ലും സ്പർശിക്കുന്നില്ല.

വംശീയമഹത്വത്തിന്റെയും പരജനവിദ്വേഷത്തിന്റെയും അസ്തിവാരത്തിൽ ലോകത്ത് സ്ഥാപിതമായ ഏക രാഷ്ട്രമാണ് സയണിസ്റ്റ് ഇസ്രയേൽ. പക്ഷേ, ഫാഷിസത്തിന്റെ അന്തകരും മനുഷ്യാവകാശങ്ങളുടെയും ജനായത്തത്തിന്റെയുമൊക്കെ ആചാര്യരുമായി നടിക്കുന്ന പാശ്ചാത്യ രാഷ്ട്രങ്ങളാണതിനെ നിലനിർത്തുന്നത്. ഇസ്രയേലിന്റെ കൊടും ക്രൂരതകൾക്കെതിരെ അന്താരാഷ്ട്ര സമൂഹത്തിൽനിന്നുയരുന്ന അഭിപ്രായങ്ങളെ നിഷ്പ്രഭവും നിഷ്ഫലവുമാക്കാൻ അമേരിക്കയുടെ വീറ്റോ പവറുണ്ട്. സയണിസ്റ്റുകളെ ആക്ഷേപിച്ച് എഴുതുകയോ പ്രസംഗിക്കുകയോ ചെയ്യുന്നതുപോലും പാശ്ചാത്യ ലോകത്ത് ക്രിമിനൽ കുറ്റമാണ്! ഇസ്രയേലിന്റെ വികസനത്തിന് വിഘാതം സൃഷ്ടിക്കാനിടയുള്ള അറബ് സമൂഹങ്ങളെ അമേരിക്ക സൈനികാധിനിവേശങ്ങളിലൂടെ ചതച്ചരക്കുന്നു.

പരിഹരിക്കപ്പെടേണ്ട മാനുഷിക പ്രശ്നമാണ് ഫലസ്ത്വീൻ എന്ന് എല്ലാവരും പറയുന്നു. ബാൽഫർ പ്രഖ്യാപനം തൊട്ടേ ബ്രിട്ടൻ പറയാറുണ്ട്: യഹൂദർക്ക് ദേശീയ രാഷ്ട്രം എന്നതുകൊണ്ട് ഫലസ്ത്വീനികളെ ജന്മദേശത്തുനിന്ന് ആട്ടിയോടിക്കുക എന്ന് ഞങ്ങളുദ്ദേശിച്ചിരുന്നില്ല. എങ്കിൽ അന്യായമായി ആട്ടിയോടിക്കപ്പെട്ടവരെ അവരുടെ ജന്മദേശത്ത് പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതില്ലേ? അതാവട്ടെ, ആർക്കും ചിന്തിക്കാനേ വയ്യ. പിന്നെയെങ്ങനെയാണ് ഫലസ്ത്വീൻ പ്രശ്നം പരിഹരിക്കുക? അമേരിക്ക അതിനൊരു വഴി കണ്ടിട്ടുണ്ട്. ഞങ്ങൾക്ക് ഫലസ്ത്വീൻ വേണ്ടെന്ന് ഫലസ്ത്വീനികളെക്കൊണ്ടുതന്നെ പറയിക്കുക. ഇസ്രയേലും അതിന്റെ വളർത്തച്ഛന്മാരും എറിഞ്ഞുതരുന്ന എച്ചിൽ തിന്ന് ഞങ്ങൾ ഇസ്രയേലിന്റെ അടുക്കളമുറ്റത്ത് ഒടുങ്ങിക്കൊള്ളാമെന്ന് അവർ സ്വയം സമ്മതിക്കുക. കഴിഞ്ഞ കാൽനൂറ്റാണ്ടുകാലമായി അതിനുള്ള കളികളാണ് അറങ്ങേറിക്കൊണ്ടിരിക്കുന്നത്. ഉച്ചകോടികൾ, സഖ്യസന്ധി സംഭാഷണങ്ങൾ, കരാറുകൾ, പ്രഖ്യാപനങ്ങൾ, ഓരോന്നും പൂർത്തിയാകുമ്പോൾ ഇസ്രയേൽ കൂടുതൽ സുരക്ഷിതവും ഫലസ്ത്വീനികൾ കൂടുതൽ അരക്ഷിതരുമായിക്കൊണ്ടിരിക്കുന്നു. ബാൽഫർ പ്രഖ്യാപനത്തിന്റെ ഈ എഴുപതാം വാർഷികത്തിലുമുണ്ടൊരു ഉച്ചകോടി. ഈ നവംബർ 27-നു അമേരിക്കയിലെ മേരിലാന്റിലെ അന്നാപൊലിസിൽ, പ്രസിഡന്റ് ബുഷിന്റെ കാർമികത്വത്തിലാണ് അരങ്ങേറുന്നത്. ജറൂസലമിന്റെ പദവി, സ്വതന്ത്ര ഫലസ്ത്വീൻ രാഷ്ട്രത്തിന്റെ അതിർത്തിനിർണയം തുടങ്ങിയവയാണ് സമ്മേളനത്തിന്റെ പ്രഖ്യാപിത അജണ്ട. പക്ഷേ, ഫലസ്ത്വീൻ വിമോചനത്തിനുവേണ്ടി ഏറ്റം ശക്തിയായി സമരം ചെയ്തുകൊണ്ടിരിക്കുന്ന, ഫലസ്ത്വീനികൾ സ്വതന്ത്രമായ തെരഞ്ഞെടുപ്പിലൂടെ തങ്ങളുടെ പ്രാതിനിധ്യമേൽപിച്ച ഹമാസിനെ ഈ സമ്മേളനത്തിലേക്ക് ക്ഷണിച്ചിട്ടില്ല. കാരണം സമ്മേളനത്തിന്റെ ഒളിയജണ്ട വേറെയാണ്. ഫലസ്ത്വീൻ അഭയാർഥികളുടെ തിരിച്ചുപോക്ക് എന്നെന്നേക്കുമായി തടയുകയും ജറൂസലം ഉൾപ്പെടെയുള്ള ഫലസ്ത്വീൻ പൂർണമായി സയണിസ്റ്റുകൾക്ക് ഏൽപിച്ചുകൊടുക്കുകയുമാണത്. ഗസ്സ നിയന്ത്രിക്കുന്ന ഹമാസിനെ അറബ് സർക്കാറുകളിൽനിന്ന് ഒറ്റപ്പെടുത്തി നശിപ്പിക്കുകയെന്നതും പ്രധാന ലക്ഷ്യങ്ങളിൽ പെടുന്നു. ഇസ്രയേലിനേക്കാൾ വലിയ ശത്രു ഇറാനാണെന്ന് അറബികളെ പഠിപ്പിക്കുകയാണ് മറ്റൊന്ന്.

സമ്മേളനം സംബന്ധിച്ച് അറബ് രാഷ്ട്രങ്ങളുടെ നിലപാട് ഇതെഴുതുമ്പോൾ പുറത്തുവന്നിട്ടില്ല. ഈ പാഠങ്ങളൊക്കെ പഠിക്കാനും പാടാനും അറബ് ലോകത്തും പുറത്തും ആളുണ്ടാവും. പക്ഷേ, മാതൃഭൂമിയുടെ മടിത്തട്ടിൽ തിരിച്ചെത്താൻ തുടികൊള്ളുന്ന ഫലസ്ത്വീനീ മനസ്സിനെ പിന്തിരിപ്പിക്കാൻ അതിനൊന്നും കഴിയില്ല. അവർ സമരം തുടർന്നുകൊണ്ടേയിരിക്കും. സർക്കാറുകളും തൽപരകക്ഷികളും എന്തൊക്കെ അടിയറവുകൾക്ക് തയാറായാലും അറബ്-മുസ്‌ലിം സമൂഹത്തിന്റെ പൊതുമനസ്സ് ഫലസ്ത്വീൻ പോരാളികളോടൊപ്പമാണ്. അധാർമികമായി സ്ഥാപിക്കപ്പെട്ട വ്യാജ രാഷ്ട്രമാണ് ഇസ്രയേൽ. ഇറാൻ പ്രസിഡന്റ് അഹ്മദീ നിജാദ് ചൂണ്ടിക്കാണിച്ച പോലെ ഇന്നല്ലെങ്കിൽ നാളെ അത് ചരിത്രത്തിന്റെ ചവറ്റുകൊട്ടയിൽ തള്ളപ്പെടും, അഥവാ മർദിതരായ ഫലസ്ത്വീൻ ജനതയുടെ വിശ്വാസദാർഢ്യവും ഇഛാശക്തിയും ഒരുനാൾ ജൂത മർദകപരിഷകളിൽനിന്ന് അവരുടെ ജന്മദേശം വീണ്ടെടുക്കുകതന്നെ ചെയ്യും. "നിങ്ങളിൽ യഥാർഥ വിശ്വാസികളായവരോടും സൽകർമമാചരിക്കുന്നവരോടും അല്ലാഹു വാഗ്ദത്തം ചെയ്തിരിക്കുന്നു: ഭൂമിയിൽ നിങ്ങളുടെ പൂർവികരെ പ്രതിനിധികളാക്കിയതുപോലെ അവൻ നിങ്ങളെയും പ്രതിനിധികളാക്കുകതന്നെ ചെയ്യും. അവൻ തൃപ്തിപ്പെട്ടരുളിയ ധർമം അവർക്ക് ഹിതകരമാക്കിക്കൊടുക്കുകയും ചെയ്യും. അരക്ഷിതാവസ്ഥക്കുശേഷം പകരം സുരക്ഷിതത്വമരുളും. അവർ ആരെയും പങ്കുചേർക്കാതെ എനിക്കു മാത്രം ഇബാദത്ത് ചെയ്യും" (ഖുർആൻ 24:55). ■